**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 864 05.03.2018 - ൽ മറുപടിക്ക്**

# സമ്പൂർണ്ണ മലയോര ഹൈവേ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.വി.വിജയദാസ് :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| 2017- 18- ൽ 1267 Km ദൈർഘ്യം വരുന്ന സമ്പൂർണ്ണ മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്നും 9 ജില്ലകളിലെ നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിവരുന്ന 350 കോടി രൂപ കിഫ്ബി നിക്ഷേപിക്കുമെന്നും പ്രസ്തുത വർഷ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിരുന്നതിനാൽ പുരോഗതി വിവരം ഉൾപ്പെടെ വിശദവിവരം നൽകുമോ ? | മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ. 942/2017/പൊ.മ.വ തീയതി 10.07.2017 പ്രകാരം 3500 കോടി രൂപയുടെ In Principle Administrative Sanction നൽകിയിട്ടുണ്ട്. ഈ പദ്ധതിക്ക് കിഫ്ബിയിൽ ഫണ്ട് ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ 26 പദ്ധതികൾ ആണ് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുക്കുന്നത്. ഇതിൽ 21 പദ്ധതികളുടെ ഡി. പി. ആർ. കിഫ്ബിയിൽ സമർപ്പിച്ചു. |

4 പദ്ധതികളുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾ സാങ്കേതികാനുമതി പരിശോധനയുടെ അന്തിമഘട്ടത്തിലാണ്. സാങ്കേതികാനുമതിക്കു ശേഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. മറ്റു പ്രവൃത്തികളുടെ ഡി. പി. ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒരു പദ്ധതി കെ. എസ്. റ്റി. പി - യുടെ കീഴിലാണ് വരുന്നത്. രണ്ട് പദ്ധതികൾക്ക് വനം വകുപ്പിന്റെ അനുവാദം ആവശ്യമുണ്ട്. രണ്ടാം ഘട്ടത്തിലെ പദ്ധതികൾ നടപ്പിലാക്കുന്നതിന് 67 ഹെക്ടർ വനഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ